പത്രക്കുറിപ്പ്

07..09..2016

# അഞ്ച് സർക്കാർ കോളേജുകൾ ഡിജിറ്റൽ ആകുന്നു

യൂണിവേഴ്സിറ്റി കോളേജ്-തിരുവനന്തപുരം, മഹാരാജാസ് കോളേജ്-എറണാകുളം, ശ്രീ കേരള വർമ്മ കോളേജ്-തൃശ്ശൂർ, വിക്ടോറിയ കോളേജ്-പാലക്കാട്, ബ്രണ്ണൻ കോളേജ്-തലശ്ശേരി എന്നീ സർക്കാർ കോളേജുകൾ സമ്പൂർണ്ണ ഡിജിറ്റൽ കോളേജുകളായി മാറുന്നു. എല്ലാ ക്ലാസ് മുറികളും ലൈബ്രറികളും ഓഫീസും  ഡിജിറ്റൽ ആക്കി മാറ്റിക്കൊണ്ടും, നൂതനമായ ഉപകരണങ്ങളാൽ ലബോറട്ടറികളെ സജ്ജീകരിച്ചും, മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനു വേണ്ടി 30 കോടി രൂപ വീതം അനുവദിച്ചു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച ആധുനികവൽക്കരണത്തിന് തുടക്കം കുറിച്ചുകൊണ്ടാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.